➪ *എന്നാൽ 2016ൽ ബോണസ് വീണ്ടും കുറച്ചു* ➪

# മൂന്നാറിൽ പിന്നീട് എന്താണ് സംഭവിച്ചത്?

മൂന്നാറിനെ സ്തംഭിപ്പിച്ചുകൊണ്ട് പെമ്പിളെ ഒരുമെ സമരം വാർത്തകളിൽ നിറയുന്ന നാളുകളിൽ ആ സമരത്തിന്റെ മുൻനിരയിലുണ്ടായിരുന്ന ഒരാളായിരുന്നു ഗോമതി. തുടർന്ന് നടന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ പെമ്പിളെ ഒരുമയെ പ്രതിനിധീകരിച്ച് മത്സരിച്ച ഗോമതി 1400 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ദേവികുളം ബ്ലോക്കിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എന്നാൽ പിന്നീട് പെമ്പിളെ ഒരുമെയുടെ നേതൃത്വവുമായി അവർ അകലുകയുണ്ടായി. പെമ്പിളെ ഒരുമെ എന്താണ് ലക്ഷ്യമാക്കിയതെന്നും ഭാവി പരിപാടികൾ എന്തെല്ലാമാണെന്നും അവർ സംസാരിക്കുന്നു.

■ **ഗോമതി**

**2015 സെപ്തംബറിൽ ആയിരുന്നല്ലോ കേരളത്തെ ഞെട്ടിച്ചുകൊണ്ട് പെമ്പിളെ ഒരുമെയുടെ മുൻകൈയിൽ മൂന്നാറിൽ വലിയ സമരം നടന്നത്. തിരിഞ്ഞുനോക്കുമ്പോൾ എന്തെല്ലാമാണ് തോന്നുന്നത്? നേട്ടങ്ങൾ, കോട്ടങ്ങൾ...സമരത്തെ എങ്ങനെ വിലയിരുത്തുന്നു?**

ഞങ്ങൾ ഒട്ടേറെ പ്രതിസന്ധികളിലൂടെ കടന്നുപോയതിന്റെ ഫലമായുണ്ടായ ഒരു സ്വാഭാവിക കൂടിച്ചേരലായിരുന്നു പെമ്പിളെ ഒരുമെ സമരമായി മാറിയത്. വർഷങ്ങളായി അനുഭവിക്കുന്ന അനീതികളാണ് ഞങ്ങളെ സമരത്തിലേക്ക് നയിച്ചത്. ഒന്നും ആസൂത്രിതമായിരുന്നില്ല. എന്നാൽ ഒരുപാട് കാലമായി അനുഭവിക്കുന്ന പ്രശ്നങ്ങളെല്ലാം കൂടിച്ചേർന്ന് പെട്ടെന്ന് അത് വലിയൊരു പ്രക്ഷോഭമായി മാറുകയായിരുന്നു. ഞങ്ങൾ തൊഴിലാളികൾ തന്നെയാണ് എല്ലാ മുദ്രാവാക്യവും തീരുമാനിച്ചതും വിളിച്ചതും. ആരും സമരത്തിന് പിന്നിലുണ്ടായിരുന്നില്ല. അതെല്ലാം ആരോപണങ്ങൾ മാത്രമാണ്. മൂന്നാറിൽ സമരം തുടങ്ങിയതോടെ ചുറ്റുമുള്ള തോട്ടങ്ങളിൽ നിന്നെല്ലാം നിരവധി തൊഴിലാളികൾ മൂന്നാർ ടൗണിലേക്ക് ഒഴുകിയെത്തി. പത്ത് ദിവസത്തിനുള്ളിൽ തൊഴിലാളികളായ സ്ത്രീകളും പുരുഷന്മാരും അവരുടെ കുടുംബങ്ങളും അടക്കം ഏതാണ്ട് രണ്ടായിരത്തോളം പേർ മൂന്നാർ ടൗണിൽ അണിനിരന്നു. അത്രമാത്രം പ്രതീക്ഷയുണ്ടായിരുന്നു അവർക്കെല്ലാം. എന്നാൽ ഈ മുന്നേറ്റത്തെ ഭയപ്പെട്ട മൂന്നാറിലെ വലിയ ട്രേഡ് യൂണിയനുകളെല്ലാം ചേർന്ന് അതിനെ പരാജയപ്പെടുത്താൻ നിരന്തരം ശ്രമിച്ചു. പെമ്പിളെ ഒരുമെ പിന്നീട് ക്ഷീണിച്ചുപോകാൻ കാരണം അതാണ്. ട്രേഡ് യൂണിയനുകൾ അതിനെ ശിഥിലമാക്കി. അന്ന് മൂന്നാർ സമരത്തിൽ ഉന്നയിച്ച കാര്യങ്ങൾ നേടിയെടുക്കുന്നതിൽ പെമ്പിളെ ഒരുമെ പരാജയപ്പെട്ടു. പെമ്പിളെ ഒരുമയെ എല്ലാവരും ചേർന്ന് പരാജയപ്പെടുത്തി. എന്നാൽ അന്ന് സമരത്തിലുണ്ടായിരുന്ന ബഹുഭൂരിപക്ഷം സ്ത്രീകളും വീണ്ടും അത്തരത്തിലുള്ള ഒരു സമരമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നുണ്ട്. അവരുന്നയിച്ച പ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടിട്ടില്ല എന്നതുതന്നെയാണ് കാരണം. 2015ൽ 20 ശതമാനം ബോണസ് വാങ്ങാൻ സമരത്തിലൂടെ സാധിച്ചത് വിജയമായിരുന്നു. എന്നാൽ 2016ൽ ബോണസ് വീണ്ടും കുറച്ചു. ഞങ്ങളുടെ സമരം കാരണം കമ്പനിക്ക് നഷ്ടം സംഭവിച്ചെന്നും അതുകൊണ്ടാണ് ബോണസ്

കുറയ്ക്കുന്നതെന്നുമായിരുന്നു അവർ പറഞ്ഞ കാരണം.

മിനിമം കൂലി 500 രൂപയായി ഉയർത്തണം എന്ന ആവശ്യവും പരിഗണിക്കപ്പെട്ടില്ല. 232 രൂപയായിരുന്ന ശമ്പളം 301 രൂപയായി ഉയർത്താൻ കഴിഞ്ഞു എന്നത് ആശ്വാസമായി. സമരം ഉന്നയിച്ച വേറെയും ആവശ്യങ്ങളുണ്ടായിരുന്നു. ആശുപത്രി സൗകര്യമുണ്ടാക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യമൊരുക്കുക, ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുക എന്നീ ആവശ്യങ്ങളൊന്നും പരിഗണിക്കപ്പെട്ടില്ല. എന്നിട്ടും വീണ്ടും ഒരു സമരം മൂന്നാറിൽ ഉയർന്നുവന്നില്ല. പെമ്പിളെ ഒരുമെ സൃഷ്ടിച്ച ആവേശത്തെ കെടുത്തിക്കളയുന്നതിൽ കമ്പനിക്കാരും രാഷ്ട്രീയ പാർട്ടികളും വിജയിച്ചു എന്നതാണ് സത്യം. തൊഴിലാളികളിൽ നിന്നും ഏറെ അകന്നുപോയ ട്രേഡ് യൂണിയനുകളുമായുണ്ടായിരുന്ന എല്ലാ ബന്ധവും ഉപേക്ഷിച്ചിട്ടാണ് ഞങ്ങൾ പെമ്പിളെ ഒരുമെ പോരാട്ടത്തിലേക്ക് എത്തിയത്. എന്നാൽ വീണ്ടും തൊഴിലാളികളെ അവരുടെ വരുതിയിൽ നിർത്തുന്നതിൽ ട്രേഡ് യൂണിയനുകൾ വിജയിച്ചു. വാഗ്ദാനങ്ങൾ നൽകിയും ഭീഷണിപ്പെടുത്തിയുമെല്ലാം അവർ തൊഴിലാകളെ വീണ്ടും അവരുടെ വരുതിയിലാക്കുകയായിരുന്നു. അവർക്ക് അതിനുള്ള ശക്തിയും രാഷ്ട്രീയ പിൻബലവുമുണ്ട്. അവർ വീടുവീടാന്തരം കയറിയിറങ്ങി, പെമ്പിളെ ഒരുമെ സമരത്തിലുണ്ടായിരുന്ന സ്ത്രീകളെയെല്ലാം നേരിൽ കണ്ട് സംസാരിച്ചാണ് സമരത്തെ പൊളിച്ചത്.

**ഗോമതി ചേച്ചിയും പെമ്പിളെ ഒരുമെയിൽ നിന്നും അകന്നല്ലോ? ഇടയ്ക്ക് സി.പി.എമ്മിൽ അംഗത്വമെടുക്കുകയും ചെയ്തു. എന്താണ് സംഭവിച്ചത്?**

അതെ, ഞാനും ഇടയ്ക്ക് വച്ച് സി.പി.എമ്മിൽ ചേർന്നിരുന്നു. പെമ്പിളെ ഒരുമെയുടെ ഇപ്പോഴത്തെ നേതൃത്വവുമായുള്ള ചില പ്രശ്നങ്ങൾ കാരണമാണ് ഞാൻ അതിൽ നിന്നും പുറത്തായത്. 2015ൽ പെമ്പിളെ ഒരുമെയുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ഞാൻ ബ്ലോക്ക് പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. സ്വതന്ത്രയായ ബ്ലോക്ക് പഞ്ചായത്ത് അംഗം എന്ന നിലയിൽ തൊഴിലാളികളുടെ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചിരുന്നെങ്കിലും തോട്ടം മേഖലയിൽ ട്രേഡ് യൂണിയനുകളിലൂടെ മാത്രമേ എന്തും നടക്കുകയുള്ളൂ എന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. അങ്ങനത്തെ ഒരു മാനസികാവസ്ഥയിലാണ് ഞാൻ സി.പി.എമ്മിൽ ചേരുന്നത്. പെമ്പിളെ ഒരുമെയിൽ നിന്നും പുറത്തായതോടെ എങ്ങുമില്ലാത്ത സ്ഥിതിയിൽ നിൽക്കുകയായിരുന്നു ഞാൻ. ഞങ്ങൾ ഉന്നയിച്ചിരുന്ന പല കാര്യങ്ങളും സി.പി.എം പരിഗണിക്കാൻ തയ്യാറായതോടെയാണ് അവരോടൊപ്പം നിൽക്കാൻ തീരുമാനിച്ചത്. പക്ഷെ ഒന്നും സംഭവിച്ചില്ല എന്നുമാത്രമല്ല അവർ പഴയ നിലപാടു തന്നെ തുടർന്നു. കമ്പനി മാനേജ്മെന്റിന്റെ താത്പര്യം സംരക്ഷിക്കുക എന്നതുതന്നെയായിരുന്നു അവരുടെ താത്പര്യം. അതോടെ ഞാനും അവരും തമ്മിൽ തെറ്റി. മാനേജ്മെന്റിന് അനുകൂലമായി അവരെടുത്ത പല നടപടികളെയും ഞാൻ ചോദ്യം ചെയ്തു. അങ്ങനെ ഒടുവിൽ സി.പി.എമ്മിൽ നിന്നും പുറത്തുപോരേണ്ടി വന്നു. കമ്മ്യൂണിസ്റ്റുകാർ തൊഴിലാളികൾക്ക് വേണ്ടി നിലകൊള്ളുന്നവരാണെന്നാണ് ഞങ്ങൾ വിശ്വസിച്ചിരുന്നത്. മൂന്നാറിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ ഞങ്ങളുടെ ആ ധാരണ പൊളിച്ചുകളഞ്ഞു. ഞാൻ സി.പി.എമ്മിൽ നിന്നും പുറത്തുപോയ വിവരം വേണ്ടത്ര ചർച്ചയായില്ല. അതുകൊണ്ടുതന്നെ പലരുടെയും തെറ്റിദ്ധാരണ ഇപ്പോഴും മാറിയിട്ടില്ല. ഒരു പൊതുയോഗം വിളിച്ചുതന്നെ അത് പ്രഖ്യാപിക്കണം എന്നാണ് ഇപ്പോൾ കരുതുന്നത്.

**തോട്ടം മേഖലയിലെ പ്രശ്നങ്ങളിലേക്ക് കേരളത്തിലെ പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധകൊണ്ടുവരുന്നതിൽ പെമ്പിളെ ഒരുമെ സമരം വിജയിച്ചിരുന്നു. അത് പിന്നീട് എന്തെങ്കിലും തരത്തിലുള്ള മാറ്റങ്ങൾക്ക് കാരണമായതായി തോന്നുന്നുണ്ടോ?**

> ഞങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേരളത്തിലെമ്പാടും ചർച്ചയായി എന്നത് ശരിയാണ്. എല്ലാം മാദ്ധ്യമങ്ങളും മൂന്നാറിലേക്ക് എത്തി. വലിയ പ്രാധാന്യത്തോടെ എല്ലാവരും വാർത്തകൾ കൊടുത്തു. രാഷ്ട്രീയ നേതൃത്വങ്ങളെല്ലാം ചർച്ചയ്ക്ക് സന്നദ്ധരായി. കമ്പനി മാനേജ്മെന്റ് സമരത്തെ ഭയന്നു. അതെല്ലാം ശരിയാണ്. എന്നാൽ മൂന്നാറിലെ തോട്ടങ്ങളിൽ കാര്യമായ മാറ്റമുണ്ടായോ എന്നു ചോദിച്ചാൽ ഒന്നും സംഭവിച്ചില്ല എന്നാണ് സത്യം. തൊഴിലാളികളുടെ സ്ഥിതി ഇപ്പോഴും അതേപോലെ തുടരുകയാണ്.

⇨ *നേതാക്കളുടെ അഴിമതിക്കഥകൾ പേരെടുത്ത് പറഞ്ഞ് പുറത്തുകൊണ്ടുവന്നതിന്റെ വാശി തീർത്തതാണ്* ⇨



പെമ്പിളെ ഒരുമെ സമരത്തിൽ ഗോമതി. *ഫോട്ടോ: വിഷ്ണു*

ഞങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേരളത്തിലെമ്പാടും ചർച്ചയായി എന്നത് ശരിയാണ്. എല്ലാം മാദ്ധ്യമങ്ങളും മൂന്നാറിലേക്ക് എത്തി. വലിയ പ്രാധാന്യത്തോടെ എല്ലാവരും വാർത്തകൾ കൊടുത്തു. രാഷ്ട്രീയ നേതൃത്വങ്ങളെല്ലാം ചർച്ചയ്ക്ക് സന്നദ്ധരായി. കമ്പനി മാനേജ്മെന്റ് സമരത്തെ ഭയന്നു. അതെല്ലാം ശരിയാണ്. എന്നാൽ മൂന്നാറിലെ തോട്ടങ്ങളിൽ കാര്യമായ മാറ്റമുണ്ടായോ എന്നു ചോദിച്ചാൽ ഒന്നും സംഭവിച്ചില്ല എന്നാണ് സത്യം. തൊഴിലാളികളുടെ സ്ഥിതി പഴയപോലെ തുടരുകയാണ്. സമരത്തിന് പൊതുസമൂഹത്തിന്റെ പക്ഷത്ത് നിന്നും വലിയ പിന്തുണ ലഭിച്ചെങ്കിലും മൂന്നാറിൽ പിന്നീട് എന്ത് സംഭവിച്ചു എന്നത് കേരളത്തിന്റെ ഒരു പൊതു പ്രശ്നമായിരുന്നില്ല. ഇപ്പോൾ എന്താണ് തൊഴിലാളികളുടെ സ്ഥിതി എന്ന് പഴയ ആവേശത്തോടെ ആരും അന്വേഷിക്കാറില്ല. പെമ്പിളെ ഒരുമെ കൂടി ശിഥിലമായതോടെ എല്ലാം അവസാനിച്ചു. അന്നുണ്ടായതുപോലെയുള്ള ശക്തമായ ഒരു സമരമുണ്ടായാൽ മാത്രമേ തോട്ടം മേഖലയിൽ എന്തെങ്കിലും ചലനമുണ്ടാകൂ. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റെ പിന്തുണയും ലഭിക്കൂ. ട്രേഡ് യൂണിയനുകൾ പോലും പെമ്പിളെ ഒരുമെ ഉന്നയിച്ച മുദ്രാവാക്യങ്ങൾ ഏറ്റെടുക്കാൻ തയ്യാറായില്ല. 500 രൂപ ശമ്പളം വാങ്ങിത്തരാം എന്നെല്ലാം സി.ഐ.ടി.യു പിന്നീട് പറഞ്ഞിരുന്നു. പക്ഷെ അതുന്നയിച്ച് സമരരംഗത്തേക്ക് വരാനൊന്നും അവരും തയ്യാറായിരുന്നില്ല.

**സമരത്തിന് ശേഷം ഗോമതി ചേച്ചിയോട് വ്യക്തിപരമായി കമ്പനി മനേജ്മെന്റും ട്രേഡ് യൂണിയനും സ്വീകരിച്ച നിലപാട് എപ്രകാരമായിരുന്നു?**

സമരം കഴിഞ്ഞിട്ട് എനിക്ക് എസ്റ്റേറ്റിൽ ജോലി തരാൻ കമ്പനി മടിച്ചു. ട്രേഡ് യൂണിയന്റെ ഇടപെടലായിരുന്നു അതിന് പിന്നിൽ പ്രവർത്തിച്ചത്. സമരത്തിനിടയിൽ പല തൊഴിലാളി നേതാക്കന്മാരുടെയും അഴിമതിക്കഥകൾ ഞങ്ങൾ പേരെടുത്തുപറഞ്ഞ് പുറത്തുകൊണ്ടുവന്നതിന്റെ വാശി തീർത്തതാണ്. മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അവർ എന്നെ എസ്റ്റേറ്റിൽ നിന്നും ഒഴിവാക്കി. ഫാക്ടറിക്കു

ള്ളിൽ ചാക്കിന് നമ്പറിടുന്ന ജോലിയാണ് എനിക്ക് പിന്നീട് കിട്ടിയത്. ഫാക്ടറിക്കുള്ളിൽ എന്നെ മനഃപൂർവ്വം കൊണ്ടുവന്നതാണ്. അവിടെ കൂടുതലുമുള്ളത് മാനേജ്മെന്റിനെ അനുകൂലിക്കുന്ന തൊഴിലാളികളാണ്. അവർ എന്തെങ്കിലും കാരണങ്ങൾ കണ്ടെത്തി എന്നെ ഉപദ്രവിച്ചുകൊണ്ടേയിരുന്നു. കൊളുന്തുനുള്ളുന്ന സ്ത്രീതൊഴിലാളികളുടെ അടുത്ത് നിന്നും എന്നെ മാറ്റുന്നതിലും അവർ വിജയിച്ചു. അങ്ങനെ സ്ത്രീ തൊഴിലാളികളുമായി ഞാൻ ഇടപഴകുന്നതിനുള്ള സാഹചര്യം പോലും കമ്പനി മാനേജ്മെന്റും ട്രേഡ് യൂണിയനും ചേർന്ന് തന്ത്രപരമായി ഒഴിവാക്കി. ഫാക്ടറിക്കുള്ളിൽ ജോലിയിൽ തുടർന്നാൽ എനിക്കെതിരെ എന്തെങ്കിലും കള്ളക്കേസ് അവർ കൊണ്ടുവരാൻ സാദ്ധ്യതയുണ്ട് എന്നതിനാൽ ഇപ്പോൾ ഞാൻ ജോലിക്ക് പോകുന്നില്ല. ജനപ്രതിനിധി എന്ന നിലയിൽ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

**ഭൂരഹിതർക്ക് ഭൂമിയുടെ മേലുള്ള അവകാശമുന്നയിച്ച് നടക്കുന്ന ചലോ തിരുവനന്തപുരം പരിപാടിയിൽ ഗോമതി ചേച്ചി സജീവമായി പങ്കെടുക്കുന്നുണ്ടല്ലോ. ഭൂസമരത്തെക്കുറിച്ചുള്ള അഭിപ്രായം എന്താണ്? തോട്ടം തൊഴിലാളികൾ ബഹുഭൂരിപക്ഷവും ഭൂരഹിതരാണെങ്കിലും ഭൂമി എന്നൊരു ആവശ്യം അന്ന് നിങ്ങൾ സമരത്തിൽ ഉന്നയിച്ചിരുന്നില്ല. ഇപ്പോൾ ആ ആവശ്യത്തെ എങ്ങനെ കാണുന്നു?**

പുതിയൊരു സമരത്തിലേക്ക് പോകുമ്പോൾ മുൻഗണന കൊടുക്കണമെന്ന് ഞാൻ വിചാരിക്കുന്ന ഒരു വിഷയമാണ് ഭൂമി പ്രശ്നം. ശരിക്കും ഞങ്ങളുടെ സമരത്തിൽ അന്ന് പങ്കെടുത്ത 99 ശതമാനം പേരും ഭൂരഹിതരായ ആളുകളാണ്. വർഷങ്ങളായി കമ്പനി ലയങ്ങളിൽ തന്നെ താമസിക്കുന്നവർ. തമിഴ് തൊഴിലാളികളാണ് അത്തരത്തിൽ കൂടുതലുമുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്ത് തമിഴ്നാട്ടിൽ നിന്നും തോട്ടം പണിക്ക് കൊണ്ടുവന്ന കാലം മുതൽ ഞങ്ങൾ ഈ ലയങ്ങളിലാണ് കഴിയുന്നത്. തലമുറകൾ പലത് കഴിഞ്ഞിട്ടും മിക്കവർക്കും സ്വന്തമായി ഒരു തുണ്ട് ഭൂമി പോലുമില്ല. പ്ലാന്റേഷനാണെങ്കിൽ വലിയ തോതിൽ ഭൂമി കൈവശം വച്ചിരിക്കുകയുമാണ്. അതിൽ ഏറെയും അനധികൃതമാണെന്ന് തെളിഞ്ഞിട്ടുള്ളതുമാണല്ലോ. എന്നാൽ ഞങ്ങൾ തൊഴിലാളികൾ അതിനെക്കുറിച്ച് അങ്ങനെ ചിന്തിച്ചിരുന്നില്ല. ട്രേഡ് യൂണിയനൊന്നും അത്തരമൊരു പ്രശ്നത്തെക്കുറിച്ച് ഞങ്ങളോട് സംസാരിച്ചിട്ടുമില്ല. ആ അറിവില്ലായ്മ കൊണ്ടാണ് പെമ്പിളെ ഒരുമെ സമരത്തിലും ഭൂമിയുടെ വിഷയം ഞങ്ങൾ ഉന്നയിക്കാതെ പോയത്. ഭൂ അധികാര സമിതിയുമായി ബന്ധപ്പെട്ടു തുടങ്ങിയപ്പോഴാണ് ഭൂമി പ്രശ്നത്തെക്കുറിച്ച് എനിക്ക് വ്യക്തമായി ധാരണയുണ്ടായത്. ചെങ്ങറ സമരഭൂമിയിൽ പോയത് വലിയ തിരിച്ചറിവ് നൽകി. അതും ഒരു പ്ലാന്റേഷനായിരുന്നല്ലോ. ഹാരിസസൺ മലയാളം കമ്പനി അത് അനധികൃതമായി കൈവശം വച്ച് ഉപയോഗിക്കുകയായിരുന്നു. അത് കയ്യേറാനുള്ള ആർജ്ജവം ഭൂരഹിതരായ ആളുകൾ കാണിച്ചത് വലിയ സംഗതിയാണ്. ഇടുക്കിയിലെ തേയിലത്തോട്ടം മേഖലയിലും അത്തരത്തിലുള്ള ഒരു സമരമാണ് നടക്കേണ്ടത്. എത്രയോ ഏക്കർ ഭൂമിയാണ് വലിയ പ്ലാന്റേഷനുകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നത്. രാജമാണിക്യം റിപ്പോർട്ടിനെക്കുറിച്ചെല്ലാം ഞാനും വായിച്ചിരുന്നു. അതിൽ ഒരു കമ്പനിയുടെ കാര്യം മാത്രമാണ് പറയുന്നത്. അത്തരത്തിലുള്ള ഒരുപാട് കമ്പനികളുണ്ട്. അവർ കൈവശം വച്ചിരിക്കുന്ന ഭൂമി വർഷങ്ങളായി അവിടെ അടിമപ്പണി ചെയ്യുന്ന തൊഴിലാളികൾ പിടിച്ചെടുക്കുകയാണ് വേണ്ടത്. അത്തരത്തിലൊരു സമരത്തിലൂടെ മാത്രമേ പ്ലാന്റേഷൻ മേഖലയിൽ സമഗ്രമായ ഒരു മാറ്റം കൊണ്ടുവരാൻ കഴിയൂ. അല്ലെങ്കിൽ ലയങ്ങളിൽ ഈ അടിമ ജീവിതം തുടരും. ■

## ഫ്ളാറ്റ്/പാർപ്പിട പദ്ധതിക്കെതിരെ

ഭൂരഹിതർക്കായി സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച ഫ്ളാറ്റ്/പാർപ്പിട പദ്ധതിക്കെതിരെ പ്രതിഷേധം വ്യാപകമാകുന്നു. കേരളത്തിലെ ഒരു ലക്ഷം ഭവനരഹിതർക്ക് ഒരു വർഷത്തിനുള്ളിൽ ഫ്ളാറ്റ്/പാർപ്പിടം നിർമ്മിച്ചുനൽകുമെന്ന് ധനമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരളത്തിൽ ഭൂപരിഷ്കരണാനന്തരം നടന്ന കോളനിവത്കരണത്തിന്റെ തുടർച്ചയാണ് ഈ പദ്ധതിയെന്ന് ആദിവാസി-ദലിത് ഭൂസമരങ്ങൾക്ക് നേതൃത്വം നൽകുന്നവർ വിമർശനം ഉന്നയിക്കുന്നു. ഭവനരഹിതരുടെ എണ്ണമനുസരിച്ച് ഒരു താലൂക്കിൽ/പഞ്ചായത്തിൽ 100 കുടുംബങ്ങളെ ഒന്നിച്ച് പുനരധിവസിപ്പിക്കുവാൻ കഴിയുന്ന, ചുരുങ്ങിയത് ഒരു ഫ്ളാറ്റ്/പാർപ്പിട സമുച്ചയമാണ് സർക്കാർ ലക്ഷ്യം. ഓരോ ഫ്ളാറ്റിന്റെയും വിസ്തീർണ്ണം 327 സ്ക്വയർ ഫീറ്റ് മാത്രമാണ്. ഭൂമിയും പാർപ്പിടവും ഇല്ലാത്ത കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. ചുരുക്കത്തിൽ കേരളത്തിലെ രണ്ടരലക്ഷം വരുന്ന ഭൂരഹിതർക്ക് ഭൂമി നൽകേണ്ടുന്നതിന് പകരം, അവരെ വീണ്ടും വിഭവങ്ങളിൽ നിന്നും അന്യവത്കരിക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് ഭൂസമര പ്രവർത്തകർ ആരോപിക്കുന്നു.